

THURSDAY 06-04-2023 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/04/2023.

1. കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന 'കൃഷിദർശൻ'പരിപാടിയോടനുബന്ധിച്ചു B2B മീറ്റ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 27-ന് ഹരിപ്പാട് സൗഗന്ധിക ഹോട്ടലിൽ നടക്കുന്ന (ഉത്പാദക -സംരംഭക) B2B മീറ്റിൽ പങ്കെടുക്കുന്നതിന് കർഷകർ, കർഷക സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കാർഷിക മൂല്യ വർധിത ഉത്പന്ന നിർമ്മാണ യൂണിറ്റുകൾ, കൃഷി, കൃഷി അനുബന്ധ സൂക്ഷ്മസംരംഭകർ, കൃഷിക്കൂട്ടങ്ങൾ തുടങ്ങിയവർക്ക് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് ഈ മീറ്റിൽ പങ്കെടുക്കാവുന്നതാണ്. മൂല്യവർധിത ഉത്പന്നങ്ങൾ, അവ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ എന്നിവ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉത്പാദകരേയും സംരംഭകരേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് പരിപാടി സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും ഗൂഗിൾ ഫോം ലിങ്കിനുമായി അതത് പഞ്ചായത്തുകളിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

2. പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ അരുൺ ഇനത്തിൽപ്പെട്ട ചീര, ഇന്ദു ഇനത്തിൽപ്പെട്ട കുമ്പളം, സൽകീർത്തി ഇനത്തിൽപ്പെട്ട വെണ്ട, പർപ്പിൾ ലോങ്ങ് ഇനത്തിൽപ്പെട്ട വഴുതന, ലോല ഇനത്തിൽപ്പെട്ട പയർ, സൗഭാഗ്യ, അരുണിമ എന്നീ ഇനങ്ങളിലുള്ള വെള്ളരി തുടങ്ങിയ പച്ചക്കറികളുടെ വിത്തുകൾ വിൽപനയ്ക്കായി തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ കേന്ദ്രത്തിൽ നേരിട്ട് എത്തുകയോ **8547891632** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. കാർഷിക വിളകളുടെ വൈവിധ്യവും കർഷകരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി, കേരളത്തിലെ കർഷക സമൂഹങ്ങളുടെ പരമ്പരാഗത വിളയിനങ്ങളിൻ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കേന്ദ്രമായി കേരള കാർഷിക സർവകലാശാലയെ അംഗീകരിച്ചു. 2001ലെ പി പി വി എഫ് ആർ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വിളയിനങ്ങളുടെ വികസനത്തിൽ ഗണ്യമായ സംഭാവന നൽകിയിട്ടുള്ള കേരളത്തിലെ കർഷക സമൂഹങ്ങൾക്ക് നഷ്ട പരിഹാരം ലഭിക്കുന്നതിനായുള്ള അവകാശം ഫയൽ ചെയ്യുന്നതിനായി വ്യക്തികൾക്കോ

സംഘടനകൾക്കോ കേരള കാർഷിക സർവകലാശാലയെ സമീപിക്കാവുന്നതാണ്. ഇതിനായി കർഷകർ ഫീസ് ഒടുക്കേണ്ടതില്ല. വയൽ വിളകൾ, പച്ചക്കറികൾ, ഫലവർഗ വിളകൾ, വൃക്ഷങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പുഷ്പ വിളകൾ, തോട്ട വിളകൾ എന്നിവയെ സംബന്ധിച്ച അവകാശങ്ങൾ കേരള കാർഷിക സർവകലാശാല പരിഗണിക്കുകയും അതോറിറ്റിക്കു പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും എന്ന് കേന്ദ്രസർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വ്യക്തമാക്കി. കേരളത്തിന്റെ പരമ്പരാഗത ഇനങ്ങൾ സംരക്ഷിക്കുന്നതിന് കേരള കാർഷിക സർവകലാശാലയ്ക്കു ലഭിച്ച പ്രസ്തുത പദവി ഏറെ സഹായകമാകും

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2022 2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഏപ്രിൽ 8 വരെയുള്ള ദിവസങ്ങളിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാകും. പ്രവർത്തിസമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9074583866** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴി ക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471-2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

6. മരച്ചീനി നടുന്നതിന് അനുയോജ്യമായ സമയമാണ് ഏപ്രിൽ - മെയ് മാസങ്ങൾ. നടീലിനായി നിലം ഒരുക്കുമ്പോൾ കുമ്മായം ഇട്ട് 10 ദിവസത്തിന് ശേഷം അടിവളം ചെയ്യുന്നതോടൊപ്പം ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം കാൽകിലോ ഒരു തടത്തിന് എന്ന തോതിൽ ചേർത്ത് ഇളക്കണം. നടീൽ സമയത്ത് തടത്തിൽ 3 ഗ്രാം AMF (മൈക്കോറൈസ) ഇട്ടതിനുശേഷം കമ്പുകൾ നടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൊല്ലം ജില്ലയിൽ ഫംഗസ് ബാധമൂലമുള്ള മൂട്അഴുകൽ കണ്ടുവരുന്ന സ്ഥലങ്ങളിൽ നടീലിനായി തിരഞ്ഞെടുക്കുന്ന കമ്പുകൾ 1 ലിറ്റർ വെള്ളത്തിൽ 1 ഗ്രാം ബാവിസ്റ്റിൻ കലക്കിയ ലായനിയിൽ മുക്കിവെച്ച ശേഷം നടാൻ ശ്രദ്ധിക്കുക. കമ്പ് നട്ട് രണ്ടാം മാസത്തിൽ ഇതേ ലായനി കലക്കി ചുവട്ടിൽ ഒഴിക്കുകയും ചെയ്യുന്നത് മൂട് ചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിന് സഹായിക്കും

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം